# പതിമൂന്നാം കേരള നിയമസഭ

## ഏട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1107.** **21.03.2013 – ലെ മറുപടിക്ക്.**

## ഹയർസെക്കന്ററി പരീക്ഷാഡ്യൂട്ടിയ്ക്ക് പ്രൈമറി അദ്ധ്യാപകരെ നിയോഗിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, കെ. കെ. നാരായണൻ<br>ശ്രീമതി കെ. എസ്. സലീഖ | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ ഹയർസെക്കന്ററി പരീക്ഷാ ഡ്യൂട്ടിയ്ക്ക് പ്രൈമറി അദ്ധ്യാപകരെ നിയോഗിക്കുകയുണ്ടായോ; ഇത്തരം ഒരു സാഹചര്യം ഉണ്ടാകാനുള്ള കാരണമെന്താണ് ; | (എ) ഈ വർഷത്തെ ഹയർസെക്കന്ററി പരീക്ഷാ ഡ്യൂട്ടിയ്ക്ക് യു.പി.എസ്.എ തലം മുതൽക്കുള്ള അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 8,33,000 വിദ്യാർത്ഥികളാണ് ഒരേ തീയതിയിൽ നടക്കുന്ന ഒന്നും രണ്ടും വർഷ ഹയർസെക്കന്ററി പരീക്ഷകൾ എഴുതുന്നത്. ഗവൺമെന്റ് /എയിഡഡ് മേഖലയിലാകെ ,20,000 ഹയർസെക്കന്ററി അദ്ധ്യാപകർ മാത്രമാണുള്ളത്. ഇവരിൽ 4000 ത്തോളം അദ്ധ്യാപകർ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നീ നിലകളിൽ പരീക്ഷാഡ്യൂട്ടി നിർവ്വാഹണത്തിനായി നിയോഗിക്കപ്പെടുന്നു. |

ശേഷിക്കുന്ന 16000 ഹയർസെക്കന്ററി അദ്ധ്യാപകർ മാത്രമാണ് ഇൻവിജിലേഷൻ ഡ്യൂട്ടി നിർവ്വഹിക്കുന്നതിന് ലഭ്യമായിട്ടുള്ളത്. 30 വിദ്യാർത്ഥികൾക്ക് ഒരു ഇൻവിജിലേറ്റർ എന്ന അനുപാതത്തിൽ 28,000 ത്തോളം അദ്ധ്യാപകരുടെ സേവനം പരീക്ഷാഡ്യൂട്ടിക്ക് ആവശ്യമായിവരുന്നു. ആയതിനാൽ ഹയർസെക്കന്ററി പരീക്ഷാ നടത്തിപ്പിന്, ഏറ്റവും തിരക്കേറിയ മാർച്ച് 4,5,6,7 തീയതികളിൽ ഹൈസ്കൂൾ, പ്രൈമറി അദ്ധ്യാപകരുടെ സേവനവും ഉപയോഗിക്കേണ്ടിവന്നു.

(ബി) അദ്ധ്യാപകരെ അതത് സ്കൂളിൽ തന്നെ പരീക്ഷാഡ്യൂട്ടിക്ക് നിയോഗിക്കുകയുണ്ടായോ; ഇത് പരീക്ഷയുടെ വിശ്വാസ്യത ഇല്ലാതാക്കും എന്ന അറിവുള്ളതാണോ ?

(ബി) ഹയർസെക്കന്ററി അദ്ധ്യാപകരെ സ്വന്തം സ്കൂളിൽ ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടില്ല. എന്നാൽ, എച്ച്.എസ്സ്.എ, യു.പി.എസ്സ്.എ മാരെ അവർ ജോലി ചെയ്യുന്ന സ്കൂളുകളിൽ നടക്കുന്ന ഹയർസെക്കന്ററി പരീക്ഷയ്ക്ക് ഇൽവിജിലേറ്റർമാരായി നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.